LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ

115 [1591] ശ്രീ. പി. ജെ. ജോയി :
,, എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് വകയിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ളത്;

(ബി) ഈ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട നേതൃത്വം കൊടുക്കുന്നതിന് മതിയായ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാരും അനുദ്യോഗ സ്ഥൻമാരും ത്രിതല പഞ്ചായത്തുകളിലുണ്ടോ;

(സി) ഇല്ലാത്തപക്ഷം ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ പരിശീലനം കൊടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് വകയിലുള്ള സ്ഥാപനങ്ങൾ കൈമാറ്റം ചെയ്തുകൊണ്ട് 18-9-1995-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 189/95/തദവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ട നേതൃത്വം നൽകുന്നതിന് ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കില, ഐ.എം.ജി., എസ്.ഐ.ആർ.ഡി. മുതലായ സ്ഥാപനങ്ങൾ ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) പുതിയ അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ഐ.എം.ജി., കില എന്നീ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി പരിശീലനം നൽകിവരുന്നു.

ഗ്രാമ പഞ്ചായത്തുകളിലേക്ക് മാറ്റപ്പെട്ട ഉദ്യോഗസ്ഥർ

116 [1592] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയാണ് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയത്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.